കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പണിത കെട്ടിടങ്ങൾ

107 (1576) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പണിത എത്ര കെട്ടിടങ്ങൾക്കെതിരെ നടപടികൾ നിലവിലുണ്ടായിരുന്നു എന്നും ഏതെല്ലാം നഗരസഭയ്ക്കുള്ളിൽ എത്ര കെട്ടിടങ്ങൾ വീതമെന്നും നഗരസഭ തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ നഗരസഭാ പ്രദേശത്തും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പണിത എത്ര കെട്ടിടങ്ങൾ വീതം റഗുലറൈസ് ചെയ്തു എന്ന് വ്യക്തമാക്കുമോ ; ഓരോ നഗരസഭയിലും എത്രയാണെന്ന് വിശദമാക്കുമോ ;

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പണിത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തതുവഴി ഓരോ നഗരസഭയ്ക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്ത് തുക ഫൈൻ ഇനത്തിൽ കിട്ടി എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

സി. കെ. രുഗ്മിണിയുടെ വീടിന് നിശ്ചയിച്ച ടാക്സിലെ അപാകത

108 (1577) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി. കെ. രുഗ്മിണി, 32/1332 എഫ്, സൗഭാഗ്യം, പാലാരിവട്ടം, കൊച്ചിൻ -25 തന്റെ വീടിന് നിശ്ചയിച്ച ടാക്സിലെ അപാകത പരിഗണിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 2002 ആഗസ്റ്റിൽ മന്ത്രിക്ക് നൽകിയ പരാതി 1573/ വി.ഐ.പി./02/എം എന്ന ഫയൽ 18-09-2002-ൽ കൊച്ചിൻ കോർപ്പറേഷനിലേയ്ക്ക് അയച്ചിട്ട് അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയൽ ഇടപ്പിള്ളി ഓഫീസിൽ എന്നാണ് ലഭിച്ചത് ;

(സി) തീരുമാനമെടുക്കാൻ കാലതാമസം വരുത്തിയതാരാണ് ;

(ഡി) ഇപ്പോൾ പ്രസ്തുത ഫയലിന്റെ അവസ്ഥ എന്താണ് ;

(ഇ) ഇടപ്പിള്ളി ഓഫീസിൽ പ്രസ്തുത ഫയൽ എത്രനാൾ തീരുമാനം എടുക്കാതെ കിടന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീമതി രുഗ്മിണിയുടെ നിവേദനം റിപ്പോർട്ടിനായി സർക്കാർ 01-10-2002-ൽ കൊച്ചി കോർപ്പറേഷനിലേയ്ക്ക് അയച്ചു കൊടുത്തു. ആയതിനു കോർപ്പറേഷൻ സെക്രട്ടറി നൽകിയ റിപ്പോർട്ടിനോടൊപ്പം ഹർജി തിരികെ ലഭ്യമാക്കിയിരുന്നില്ല. ആകയാൽ അത് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly